"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - പരേതനായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II സുജിത്ത് ഡി-യുടെ ഭാര്യ ശ്രീമതി.നിഷ എൻ.ബി-യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.21/2025/H&FWD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-

1. സ.ഉ (അച്ച) നം. 45/91/ഉഭപവ, തീയതി 30.12.1991.
2. സ.ഉ (അച്ച) നം. 12/99/ഉഭപവ, തീയതി 24.05.1999.
3. സ.ഉ. (അച്ച) നം. 33/2014/ഉ.ഭ.പ.വ. തിയതി 26.09.2014.
4. സ.ഉ (കൈ) നം. 5/2018/ഉ.ഭ.പ.വ തീയതി 21.02.2018.
5. സ.ഉ (കൈ) നം. 12/2021/ഉ.ഭ.പ.വ തീയതി 07.06.2021.
6. 31.12.2022 ലെ നിഷ എൻ.ബി-യുടെ അപേക്ഷ.
7. സ.ഉ.(അ) നം.12/2023/ഉ.ഭ.പ.വ തീയതി 14.07.2023.
8. സ.ഉ.(കൈ) നം.21/2023/ഉ.ഭ.പ.വ തീയതി 09.11.2023.
9. 12.06.2024-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ഡി.സി.കെ.എസ്.ജി.ഡി/1504/2023-എ5 നമ്പർ കത്ത്.
10. 06.07.2024 -ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആവഡ/16272/2023-ഇഎച്ച്4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരവേ 06.08.2022 തീയതിയിൽ മരണപ്പെട്ട സുജിത്ത് ഡി-യുടെ ഭാര്യ ശ്രീമതി.നിഷ എൻ.ബി ആശ്രിത നിയമന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കുള്ള നിയമനത്തിനായി പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷകയ്ക്ക് ക്ലർക്ക് തസ്തികയിൽ ജോലി നൽകാവുന്നതാണെന്ന് കാസർഗോഡ് ജില്ലാ കളക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും യഥാക്രമം (9), (10) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. മരണപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ മറ്റു ആശ്രിതർക്കൊന്നും ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനം

നൽകിയിട്ടില്ലെന്ന് കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിതനിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നൽകിക്കൊണ്ട് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.നിഷ എൻ.ബി പ്ലസ്-ടു പരീക്ഷ വിജയിച്ചിട്ടുണ്ട്. ടിയാൾക്ക് ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ട്. 31.05.1986-ൽ ജനിച്ച അപേക്ഷകയ്ക്ക് ഇപ്പോൾ 38 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം (2) ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷകയുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച തീയതി 31.12.2022 ആണെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന സംരക്ഷണ സമ്മതമൊഴി 18.01.2023 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ളതാകയാൽ പരാമർശം (3) ഉത്തരവിൽ നിഷ്കർഷിക്കുംപ്രകാരം ടിയാന്റെ സാധുവായ അപേക്ഷ തീയതി 18.01.2023 ആണ്.

4. ഈ സാഹചര്യത്തിൽ, പരേതനായ സുജിത്ത് ഡി-യുടെ ഭാര്യ ശ്രീമതി.നിഷ എൻ.ബി-യ്ക്ക് കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള / ഉടൻ വരുന്ന ഒഴിവിൽ പരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സാധുവായ അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ പാലിച്ച് കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകയുടെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷക ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷക നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതനായ ജീവനക്കാരന്റെ മാതാവിനെ അവരുടെ ജീവിതാന്ത്യം വരെയും സംരക്ഷിക്കേണ്ടതാണ്. പരാമർശം (7) ഉത്തരവിലെ 5 (x) വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള ഒരു സമ്മതപത്രം ടിയാളിൽ നിന്നും നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ആയതിനാൽ, ശ്രീമതി.നിഷ എൻ.ബി-യ്ക്ക് കാസർഗോഡ് ജില്ലയിൽത്തന്നെ നിയമനം നൽകേണ്ടതാണ്. ഒരു പക്ഷേ തെരഞ്ഞെടുത്ത ജില്ലയിൽ അല്ലാതെ മറ്റൊരു ജില്ലയിൽ ആണ് നിയമനം നൽകുന്നതെങ്കിൽ ഏറ്റവും അടുത്ത അവസരത്തിൽ തെരഞ്ഞെടുത്ത ജില്ലയിലേക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ സ്ഥലംമാറ്റം നൽകേണ്ടതാണ്.

7. അപേക്ഷക സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചത് എന്ന് ബോദ്ധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം

സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീമതി.നിഷ എൻ.ബി-യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ സേവന പുസ്തകത്തിലും പരേതനായ ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന ശ്രീമതി.നിഷ എൻ.ബി-യുടെ നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

ശ്രീമതി.നിഷ എൻ.ബി, കുന്ദേന ഹൗസ്, എച്ചിക്കാനം പി.ഒ., ആനന്ദാശ്രമം (via), കാസർഗോഡ് - 671 531 (രജിസ്റ്റേർഡ് തപാലിൽ).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസർഗോഡ്.
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, മടിക്കൈ, കാസർഗോഡ്.
പൊതുഭരണ (സർവീസസ് ഡി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 22-01-2025 17:03:22

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.